# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

ബുള്ളറ്റിൻ ഭാഗം - II
2018 നവംബർ, 30.

നമ്പർ. 565

**2018-ലെ കേരള കർഷക ക്ഷേമനിധി ബില്ലിനുള്ള ശുദ്ധിപത്രം**

2018-ലെ കേരള കർഷക ക്ഷേമനിധി ബില്ലിന് നിയമ വകുപ്പിൽ നിന്ന് ലഭിച്ച ശുദ്ധിപത്രം അംഗങ്ങളുടെ അറിവിലേക്കായി ചുവടെ ചേർക്കുന്നു.

**ശുദ്ധിപത്രം**

പതിനാലാം കേരള നിയമസഭയുടെ ബിൽ നമ്പർ 151 ആയി പ്രസിദ്ധീകരിച്ച 2018-ലെ കേരള കർഷക ക്ഷേമനിധി ബില്ലിൽ, ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടത്തിനും അതിലെ ഉൾക്കുറിപ്പുകൾക്കും ശേഷം ഇനി പറയുന്നവ ഉൾപ്പെടുത്തേണ്ടതാണ്, അതായത്:-

"ഖണ്ഡങ്ങളിന്മേലുള്ള കുറിപ്പുകൾ

2-ാം ഖണ്ഡം.- ബില്ലിൽ ഉപയോഗിച്ചിട്ടുള്ള ചില വാക്കുകളും പദപ്രയോഗങ്ങളും നിർവ്വചിക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

3-ാം ഖണ്ഡം.- കേരള കർഷക ക്ഷേമനിധി പദ്ധതി എന്ന പേരിൽ ഒരു പദ്ധതിയും കേരള കർഷക ക്ഷേമനിധി എന്ന പേരിൽ ഒരു നിധിയും രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡത്തിലെ (1)-ാം ഉപഖണ്ഡം. പദ്ധതിയിൽ വ്യവസ്ഥ ചെയ്യാവുന്ന കാര്യങ്ങളെക്കുറിച്ചുള്ളതാണ് (2)-ാം ഉപഖണ്ഡം. നിധിയിൽ വരവ് വയ്ക്കേണ്ട ഇനങ്ങൾ സംബന്ധിച്ചതാണ് (3)-ാം ഉപഖണ്ഡം. നിധി ബോർഡിൽ നിക്ഷിപ്തമായിരിക്കുമെന്നും ബോർഡ് അതിന്റെ ഭരണം നിർവ്വഹിക്കേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് (4)-ാം ഉപഖണ്ഡം. നിധി ഏതെല്ലാം ആവശ്യങ്ങൾക്കു വേണ്ടി ഉപയോഗിക്കാവുന്നതാണ് എന്നുദ്ദേശിച്ചു കൊണ്ടുള്ളതാണ് (5)-ാം ഉപഖണ്ഡം.

1564|18

4-ാം ഖണ്ഡം.- നിധിയിൽ അംഗത്വം എടുക്കുന്നതിന് അപേക്ഷിക്കാവുന്ന രീതി, അപേക്ഷ സ്വീകരിക്കൽ, തീരുമാനമെടുക്കൽ, അംഗങ്ങളുടെ രജിസ്ട്രേഷൻ, അംഗത്വം നിഷേധിക്കപ്പെടുന്നവർക്കുള്ള അപ്പീൽ അവകാശം, ഓരോ അംഗത്തിനും നൽകേണ്ട സർട്ടിഫിക്കറ്റ് മുതലായവയുടെ രീതിയും അത് സംബന്ധിച്ച രജിസ്റ്ററിനെയും കുറിച്ച് വ്യവസ്ഥ ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

5-ാം ഖണ്ഡം.- നിധിയിലെ അംഗത്വം ഏതെല്ലാം സാഹചര്യങ്ങളിൽ റദ്ദാക്കപ്പെടുമെന്ന് വ്യവസ്ഥ ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

6-ാം ഖണ്ഡം.- റദ്ദാക്കപ്പെട്ട അംഗത്വം എപ്രകാരമാണ് പുനരുജ്ജീവിപ്പിക്കാമെന്ന് വ്യവസ്ഥ ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

7-ാം ഖണ്ഡം.- പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ രജിസ്റ്ററുകൾ കൃഷിഭവനിൽ സൂക്ഷിച്ചുപോരേണ്ടത് സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

8-ാം ഖണ്ഡം.- ഓരോ കർഷകനും നിധിയിലേക്ക് പ്രതിമാസം അടയ്ക്കേണ്ട അംശദായ നിരക്ക് എത്രയാണെന്നും സർക്കാർ വിഹിതം എത്രയാണെന്നും വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

9-ാം ഖണ്ഡം.- അംഗങ്ങൾ ഇൻഷ്വറൻസ് പോളിസി എടുക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

10-ാം ഖണ്ഡം.- ബോർഡ് രൂപീകരിക്കുന്നതിനും അതിലെ അംഗങ്ങളെയും ചെയർമാനെയും ജീവനക്കാരെയും നിയമിക്കുന്നതിനും ബോർഡിന്റെ അധികാരങ്ങളും ചുമതലകളും വ്യവസ്ഥ ചെയ്യുന്നതിനും ഉദ്ദേശിച്ച് കൊണ്ടുള്ളതാണ് ഈ ഖണ്ഡം.

11-ാം ഖണ്ഡം.- ബോർഡിന്റെ യോഗവും ക്വാറവും സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

12-ാം ഖണ്ഡം.- ബോർഡിലെ ഡയറക്ടർമാരുടെ ഔദ്യോഗിക കാലാവധിയും അവരെ നീക്കം ചെയ്യാനും വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

13-ാം ഖണ്ഡം.- ബോർഡിലെ അനൗദ്യോഗിക ഡയറക്ടർമാരുടെ അയോഗ്യതകളും അവരെ നീക്കം ചെയ്യാനും വ്യവസ്ഥ ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

14-ാം ഖണ്ഡം.- ബോർഡിലെ ഉദ്യോഗസ്ഥരെയും ജീവനക്കാരെയും എപ്രകാരമാണ് നിയമിക്കേണ്ടത് എന്ന് വ്യവസ്ഥ ചെയ്യാനുദ്ദേശിച്ച് കൊണ്ടുള്ളതാണ് ഈ ഖണ്ഡം.

15-ാം ഖണ്ഡം.- ബോർഡിലെ ഡയറക്ടർമാരുടെ സിറ്റിംഗ് ഫീസും യാത്രാ ബത്തയും വ്യവസ്ഥ ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

16-ാം ഖണ്ഡം.- അംശദായം നൽകേണ്ട രീതിയും ഇപ്രകാരം നൽകിയ തുക യഥാസമയം നിധിയിൽ അടയ്ക്കാത്ത ഉദ്യോഗസ്ഥർക്കെതിരെയുള്ള നടപടിയും സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

17-ാം ഖണ്ഡം.- കേരള കർഷക ക്ഷേമനിധി സ്റ്റാമ്പ് എന്ന പേരിൽ ഒരു സ്റ്റാമ്പ് അച്ചടിക്കേണ്ട രീതിയും അവ ഏതെല്ലാം അപേക്ഷകളിലും രേഖകളിലും ആണ് പതിക്കേണ്ടത് എന്നും വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

18-ാം ഖണ്ഡം.- അന്വേഷണത്തിന്റെ ആവശ്യത്തിലേക്കായി ബോർഡിന് സാക്ഷികളെ വിളിച്ചുവരുത്തുന്നതിനും തെളിവെടുപ്പ് നടത്തുന്നതിനുമുള്ള അധികാരം സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

19-ാം ഖണ്ഡം.- സിവിൽ കോടതിയുടെ അധികാരിതയ്ക്ക് ചില സംഗതികളിൽ വിലക്ക് ഏർപ്പെടുത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

20-ാം ഖണ്ഡം.- ബോർഡിന്റെ ഡയറക്ടർമാർ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, മറ്റ് ഉദ്യോഗസ്ഥന്മാരും ജീവനക്കാരും പബ്ലിക് സർവന്റ്സ് ആയി കണക്കാക്കപ്പെടുമെന്ന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

21-ാം ഖണ്ഡം.- ബോർഡിലെ ഡയറക്ടർമാരോ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറോ മറ്റ് ആരെങ്കിലുമോ ഉത്തമവിശ്വാസപൂർവ്വം ചെയ്ത പ്രവൃത്തികൾക്ക് സംരക്ഷണം വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ച് കൊണ്ടുള്ളതാണ് ഈ ഖണ്ഡം.

22-ാം ഖണ്ഡം.- കടം വാങ്ങാനുള്ള ബോർഡിന്റെ അധികാരം വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

23-ാം ഖണ്ഡം.- ബോർഡ് അനുവർത്തിക്കേണ്ട പൊതുവായ നിർദ്ദേശങ്ങൾ നൽകാൻ സർക്കാരിനെ അധികാരപ്പെടുത്താൻ വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

24-ാം ഖണ്ഡം.- സർക്കാരിന് ബോർഡിനെ സൂപ്പർസീഡ് ചെയ്യുന്നതിനും സൂപ്പർസീഡ് ചെയ്യുന്ന കാലയളവിൽ ബോർഡിന്റെ അധികാരങ്ങൾ വിനിയോഗിക്കുന്നതിനും കർത്തവ്യങ്ങൾ നിറവേറ്റുന്നതിനുമായി അഡ്മിനിസ്ട്രേറ്ററെ നിയമിക്കുന്നതിനും വ്യവസ്ഥ ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

25-ാം ഖണ്ഡം.- ബോർഡിന്റെ കണക്കുകൾ ഓഡിറ്റ് ചെയ്യേണ്ട വിധം സംബന്ധിച്ച് വ്യവസ്ഥ ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

26-ാം ഖണ്ഡം.- ബോർഡിന്റെ വാർഷിക റിപ്പോർട്ടും കണക്കുകളുടെ ഓഡിറ്റ് ചെയ്ത സ്റ്റേറ്റ്മെന്റും തയ്യാറാക്കുന്നതിന് വേണ്ടിയും അവ നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതിനും വ്യവസ്ഥ ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

27-ാം ഖണ്ഡം.- ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് മുൻകാല പ്രാബല്യത്തോടുകൂടിയോ പിൽക്കാല പ്രാബല്യത്തോടുകൂടിയോ ചട്ടങ്ങൾ ഉണ്ടാക്കാൻ സർക്കാരിനെ അധികാരപ്പെടുത്താൻ വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

28-ാം ഖണ്ഡം.- നിലവിലുള്ള കിസാൻ അഭിമാൻ പദ്ധതിയുടെ കണക്കിലുണ്ടായിരുന്ന തുകകൾ കർഷക ക്ഷേമനിധിയിലേക്ക് കൈമാറാനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.".

വി.കെ. ബാബുപ്രകാശ്,
സെക്രട്ടറി.